# രക്തമൂലകോശദാനത്തെക്കുറിച്ച് ബോധവൽക്കരണസന്ദേശവുമായി മാരോ ഡോണേഴ്സ് ഡേ

കോഴിക്കോട്: രക്തമൂലകോശദാനത്തെക്കുറിച്ചുള്ള ബോധവൽക്കരണ സന്ദേശവുമായി സൈക്കിൾ ചവിട്ടിയും മാരത്തോൺ നടത്തിയും വേൾഡ് മാരോ ഡോണേഴ്സ് ഡേ ആചരിച്ചു.

ദാത്രി ബ്ലഡ് സ്റ്റെം സെൽ ഡോണേഴ്സ് രജിസ്ട്രിയുടെ ആഭിമുഖ്യത്തിൽ രക്തദാതാക്കളുടെ സംഘടനയായ ഗിഫ്റ്റ് ഓഫ് ഹാർട്ടും ടീം മലബാർ റൈഡേഴ്സ് സൈക്കിൾ ക്ലബ്ബും ചേർന്നാണ് സംസ്ഥാനത്ത് മാരോ ദിനമാചരിച്ചത്.

ബോധവൽക്കരണ സന്ദേശവുമായി ടീം മലബാർ റൈഡേഴ്സ് സൈക്കിൾ ക്ലബ് കോഴിക്കോട് നിന്നും ഊട്ടിയിലേക്ക് സൈക്കിൾ യാത്ര നടത്തി. കോഴിക്കോട് ബീച്ചിൽ ഗിഫ്റ്റ് ഓഫ് ഹാർട്ട് അംഗങ്ങളും ദാത്രി കേരള കോഡിനേറ്റേഴ്സും ഒരുമിച്ച് നടത്തിയ മാരത്തോൺ കസബ സിഐ പ്രമോദും റെഡ് എഫ്എം ആർജെ മനുവും ചേർന്ന് ഫ്ളാഗ് ഓഫ് ചെയ്തു. വൈകുന്നേരം ബീച്ചിൽ രക്തമൂലകോശദാന ബോധവൽക്കരണ ക്ലാസും രജിസ്ട്രേഷനും നടത്തി.

ലോകമെമ്പാടും 52 രാജ്യങ്ങളിലായി രക്തമൂലകോശ ദാനത്തിനു സന്നദ്ധരായി രജിസ്റ്റർ ചെയ്തവരും രക്തമൂലകോശങ്ങൾ ദാനം ചെയ്തവരുമായ 30 മില്യൺ ദാതാക്കൾക്കളോടുള്ള നന്ദി അറിയിച്ചുകൊണ്ടും മാരോ ഡോണേഴ്സ് ഡേ ആഘോഷിക്കുന്നത്.



രക്തമൂലകോശദാനത്തെക്കുറിച്ചുള്ള ബോധവൽക്കരണ സന്ദേശവുമായി നടത്തിയ സൈക്കിൾയാത്ര സിഐ പ്രമോദും റെഡ് എഫ്എം ആർജെ മനുവും ചേർന്ന് ഫ്ളാഗ് ഓഫ് ചെയ്യുന്നു

സാധാരണക്കാർക്കിടയിൽ രക്തമൂലകോശ ദാനത്തെക്കുറിച്ച് ബോധവൽക്കരണം നടത്താനും ആഘോഷം ലക്ഷ്യമിടുന്നു.

സൈക്കിൾ യാത്ര, മാരത്തോൺ എന്നിവയ്ക്ക് എബി സാം ജോൺ, അതുല്യ കൃഷ്ണ, പ്രജീഷ് പാലാട്ട്, ധർമ്മരാജ് അമ്പാടി, റൈഹാൻ, സുഗിൽ, സാഹിർ അബ്ദുൾ ജബ്ബാർ, ബുജൈർ, കൃഷ്ണൻകുട്ടി, ജമീൽ സേട്ട്, പ്രബീഷ്, ശ്രീജിത്ത്, നൗഷാദ്, ഫസൽ, കിഷോർ, ശ്രീക്കുട്ടൻ, വിദ്യ, ഷിംന, ശ്വേത എന്നിവർ നേതൃത്വം നൽകി.

ഇന്ത്യയിൽ രക്തമൂലകോശ സാമ്യത്തിനായി കാത്തിരിക്കുന്നത് 1300 ഓളം രോഗികളാണ്.

ബോധവൽക്കരണ പരിപാടികളിലൂടെ കൂടുതൽ ആളുകൾ രക്തമൂലകോശ ദാതാക്കളായി മുന്നോട്ടു വരുമെന്നാണ് പ്രതീക്ഷ. കേരളത്തിൽ നിന്ന് മൂന്നു വയസ്സുകാരൻ അസ്നനും മൂന്നര വയസ്സുകാരി നിയ ഫാത്തിമയും മൂലകോശങ്ങൾക്ക് വേണ്ടി കാത്തിരിക്കുന്നവരാണ്. രക്തമൂലകോശ ദാതാവായി രജിസ്റ്റർ ചെയ്യാൻ www.dtari.org/join എന്ന വെബ്സൈറ്റ് സന്ദർശിക്കുക.